കാറ്റഗറികളിലായി 1008 പുതിയ തസ്തികകളും, ഐ.ആർ. ബറ്റാലിയനുകളിലേക്ക് 1007 തസ്കികകളും, കൊല്ലം, തൃശ്ശൂർ, പോലീസ് ജില്ലകൾ വിഭജിച്ച് കമ്മീഷണറേറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 265 തസ്തികകളും, ട്രാഫിക് വിംഗിലേക്ക് ഉത്തരമേഖലയിലും, ദക്ഷിണമേഖലയിലും ഓരോ പോലീസ് സൂപ്രണ്ട് തസ്തികയും, ട്രെയിനിംഗ് ആവശ്യത്തിലേക്ക് എ. പി. ബറ്റാലിയനിൽ താൽക്കാലികമായി (9 മാസത്തേക്കായി) 673 തസ്തികകളും ഉൾപ്പെടെ ആകെ 2955 തസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ നവീകരണം

56(262) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ അഞ്ച് വർഷക്കാലം പോലീസ് വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പോലീസ് വകുപ്പിന്റെ നവീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ കേന്ദ്രീകരിച്ച് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത്, സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് ജില്ലകളിൽ ജില്ലാ ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ നുണ പരിശോധനയ്ക്കും ശാസ്ത്രീയമായ അപഗ്രഥനത്തിനും ഉതകുന്ന് കമ്പ്യൂട്ടറൈസ്ഡ് പോളിഗ്രാഫ് മെഷീൻ ഡി.എൻ.എ ലാബ്, സൈബർ ഫോറൻസിക് ലാബ് മുതലായവ സജ്ജീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഡിസ്ട്രിക്ട് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കീഴിൽ മൊബൈൽ ഫോറൻസിക് ലാബ് യൂണിറ്റ്, ഫിംഗർ പ്രിന്റ് യൂണിറ്റ് ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവ പ്രവർത്തിച്ചുവരുന്നു.

ഫോറൻസിക് ലാബിലെ വിവിധ ഡിവിഷനുകളുടെ ദൈനംദിന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന ആധുനിക ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്:

കംപാരിസൺ മൈക്രോസ്കോപ്പ്, അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രാമീറർ, അഡ്വാൻസ്ഡ് എക്യുപ്മെന്റ് ഫോർ ഡോക്യുമെന്റ് എക്സാമിനേഷൻ, ഹൈ പ്രെസിഷൻ തിൻ ലെയർ ക്രോമോ ഗ്രാഫ്, വീഡിയോ സൂപ്പർ ഇംപോസിഷൻ സിസ്റ്റം, ഗ്യാസ് ക്രോമാറ്റോ ഗ്രാഫ് വിത്ത് ഹെഡ് സ്പെയ്സ് അനലൈസർ, വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം, ഫ്ളാഷ് പോയിന്റ്

LIBRARY ARCHIVES Kerala Legislative Assembly

അപ്പാരറ്റസ്, പെട്രോളിയം ഡിസ്റ്റലേഷൻ അപ്പാരറ്റസ്, ഇലക്ട്രോസ്റ്റാറ്റിക് ഇമേജ് ഡിറ്റക്ഷൻ അപ്പാരറ്റസ്, ഇലക്ട്രോണിക് ബാലൻസ്, ഇമേജ് വർക്കിംഗ് സ്റ്റേഷൻ.

പോലീസ് ട്രെയിനിംഗ് കോളേജിൽ സൗത്ത് സോൺ ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ, കേരള പോലീസ് അക്കാഡമിയിൽ അകാട്ടിക് ട്രെയിനിംഗ് സെന്റർ, ഇൻഡോർ സ്റ്റേഡിയം, കമ്മ്യൂണിക്കേഷൻ ആൻഡ് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, ട്രാഫിക് ട്രെയിനിംഗ് സെന്റർ ഓഡിയോ-വിഷ്വൽ ട്രെയിനിംഗ് സെന്റർ എന്നിവ സ്ഥാപിച്ചു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളിൽ ഡയൽ-100 സിസ്റ്റം സ്ഥാപിച്ചു. സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെന്റർ ആരംഭിച്ചു. ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, റോഡ് സേഫ്റ്റി ക്ലബ്ബുകൾ, ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ, കടലോര ജാഗ്രതാ സമിതികൾ എന്നിവ വിജയകരമായി നടപ്പാക്കി വരുന്നു. പോലീസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ പോലീസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. തലാഷ് (Thalash)
2. സിപ (CIPA) (Common Integrated Police applicationn)
3. Digitization
4. Online Form C Registration
5. Digital Criminal Gallery
6. RSMS (Road Safety Management System)
7. Kerala police Web Portal for Sabarimala
8. Sabarimala Digital Monitoring System
9. CCTNS (Crime Criminal Tracking and Network System).

പോലീസ് ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകൾക്കും, പോലീസ് ഓഫീസുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ, ഫാമിലി ക്വാർട്ടേഴ്സുകൾ, പോലീസ് സ്റ്റേഷനുകൾ ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച്, സായുധ പോലീസ് സേനാ വിഭാഗങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള ഉപകരണങ്ങൾ, ട്രാഫിക് സുരക്ഷയ്ക്കും, നിയന്ത്രണത്തിനുമുള്ള ഉപകരണങ്ങൾ, വാഹനങ്ങൾ, ആയുധങ്ങൾ തുടങ്ങിയവ സ്വായത്തമാക്കിയിട്ടുണ്ട്. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനായി ക്രമസമാധാന പാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദശയിലാണ്. കേരള പോലീസ് ആക്ട് (അമെന്റ്മെന്റ്) 2007 പ്രകാരം താഴെപ്പറയുന്ന ബോർഡ്/കമ്മീഷനുകൾ രൂപീകരിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കേരള പോലീസ് കംപ്ലെയിൻസ് അതോറിറ്റി, കേരള പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, കേരള സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ.

സമഗ്രമായ പോലീസ് ബിൽ-2010, ജനുവരി 2011-ൽ നിയമസഭ പാസാക്കി. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ നൽകി.
2. സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസിലുകളിലും ഇ-മെയിൽ സംവിധാനം നടപ്പാക്കി.
3. കേരള പോലീസ് വിർച്വൽ ഫ്രൈവറ്റ്നെറ്റ് വർക്ക് നടപ്പാക്കി.
4. കേരളത്തിൽ ലോക്കൽ പോലീസിന്റെ സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ നൽകി.
5. എല്ലാ മുനിസിപ്പൽ പോലീസ് സ്റ്റേഷനുകളിലും വർദ്ധിച്ച വാഹനം സൗകര്യം ഏർപ്പെടുത്തി.
6. സംസ്ഥാനത്തെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമ്പ്രദായം ഏർപ്പെടുത്തി.
7. സംസ്ഥാനത്തെ 283 പോലീസ് സ്റ്റേഷനുകളിൽ റൈഫിളേന്തിയുള്ള പാറാവ് സമ്പ്രദായം മാറ്റി റിവോൾവർ/പിസ്റ്റൾ ഉപയോഗിച്ചു കൊണ്ടുള്ള സ്റ്റേഷൻ സെക്യൂരിറ്റി സമ്പ്രദായം നടപ്പാക്കി.
8. റിസപ്ഷൻ ഡെസ്ക് സമ്പ്രദായം. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഏർപ്പെടുത്തി.
9. തിരുവനന്തപുരം സിറ്റിയിൽ ഡ്രൈ എസ്കോർട്ട് ഡ്യൂട്ടിചെയ്യുന്ന പോലീസിന് റൈഫിളിനുപകരം പിസ്റ്റൾ നൽകിയിട്ടുണ്ട്.
10. ആദ്യഘട്ടമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 166 പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് മോണിറ്ററിംഗ് സംവിധാനം ആരംഭിച്ചു.
11. സംസ്ഥാനത്ത് മണർക്കാട് പോലീസ് സ്റ്റേഷനിൽ (കോട്ടയം ജില്ല) കേന്ദ്രീകൃത കസ്റ്റഡി സംവിധാനം നടപ്പാക്കി.
12. സംസ്ഥാനത്തെ 43 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 105 പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.
13. ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിച്ച 43 പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കോമ്പ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
14. 150 പോലീസ് സ്റ്റേഷനുകളിൽ വനിതാഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly